6. മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉത്പാദനം, കടത്തൽ, വിതരണം, വിപണനം എന്നിവയെപ്പറ്റി അന്വേഷിക്കുന്നതിനും കണ്ടെത്തുന്നതിനും തുടർ അന്വേഷണത്തിന് സഹായിക്കുന്നതിനും, നടപടി സ്വീകരിക്കുന്നതിനുമായി Special Investigation Team (SIT)-ന്റെ കീഴിൽ സംസ്ഥാന പോലീസിലെ തെരഞ്ഞെടുക്കപ്പെട്ട സമർത്ഥരായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി Kerala Anti Narcotic Squad രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ ടീമിന്റെ പ്രവർത്തനഫലമായി, കഴിഞ്ഞ മൂന്നു മാസം കൊണ്ട് ഏകദേശം 120 കിലോഗ്രാം കഞ്ചാവ്, 700 Nitrasun ടാബ്ലെറ്റ്, ബ്രൗൺഷുഗർ, കൊക്കെയ്ൻ തുടങ്ങിയവ പിടികൂടാൻ സാധിച്ചു ലഹരി-മയക്കുമരുന്ന് ശൃംഖലയെ പരിപൂർണ്ണമായി ഉന്മൂലനം ചെയ്യുകയാണ് ഈ ടീമിൽ നിക്ഷിപ്തമായ ചുമതല;

7. 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' പദ്ധതിയുടെ കൂടുതൽ ഫലപ്രദമായ നടത്തിപ്പിനായി ഗവൺമെന്റിൽ നിന്നും പത്ത് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ബാർ കോഴ സംബന്ധിച്ച വിജിലൻസ് കേസ്സുകൾ

26 (*26) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. പി. ടി. എ. റഹീം :

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ വിജിലൻസിനുണ്ടായ വീഴ്ചകൾ എന്തെല്ലാമാണ്;

(ബി) കോഴ വാങ്ങിയവർക്കെതിരെ കേസെടുക്കാൻ പര്യാപ്തമായ തെളിവുകൾ ലഭിച്ചിട്ടും അവയൊന്നും വിജിലൻസ് പരിഗണിക്കാതിരുന്നത് എന്തുകൊണ്ടായിരുന്നു;

(സി) നിയമാനുസൃതവും മുഖം നോക്കാതെയും നടപടി സ്വീകരിക്കാതിരുന്നത് മൂലം വിജിലൻസിനു സ്വന്തം വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുന്നതും കോടതികളിൽ നിന്ന് നിരന്തര വിമർശനം ഏറ്റുവാങ്ങേണ്ടി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിജിലൻസ് സംവിധാനത്തെ അഴിമതിക്കെതിരായ സംവിധാനമായി തന്നെ പ്രവർത്തിപ്പിക്കാൻ തയ്യാറാകുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ബാർ കോഴക്കേസ്സുകൾ കൈകാര്യം ചെയ്യുന്നതിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല.

(ബി) അഴിമതി നിരോധന നിയമത്തിൽ വിവക്ഷിച്ചിട്ടുള്ള കുറ്റങ്ങൾക്ക് ആസ്പദമായ ഘടകങ്ങളും അതിലേക്ക് ഉപോൽബലകമായ തെളിവുകളും വെളിവാകാതെ വന്നതുമൂലം ആരോപണങ്ങൾ മാത്രം മുഖവിലയ്ക്കെടുത്ത് കേസ്സുമായി മുന്നോട്ട് പോകാൻ സാധിക്കുകയില്ല. ആയതിനാലാണ് കേസ്സുകൾ നിലനിൽക്കുന്നില്ലെന്ന നിഗമനത്തിൽ എത്തിച്ചേർന്നിട്ടുള്ളത്.

(സി) വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ ആരോപിക്കുന്നതുപോലെ ബഹുമാനപ്പെട്ട കോടതി യാതൊരു വിമർശനവും നടത്തിയിട്ടില്ല.

(ഡി) അഴിമതിക്കെതിരായ ശക്തമായ സംവിധാനമായിത്തന്നെയാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രവർത്തിച്ചുവരുന്നത്.

വികസന-ക്ഷേമ പ്രവർത്തനങ്ങൾ

27(*27) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നിരവധി വികസന പ്രവർത്തനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും പ്രാവർത്തികമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വികസന-ക്ഷേമ പ്രവർത്തനങ്ങൾ വിപുലമായി നടപ്പാക്കുന്നതിന് ഇനിയും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly